ശബ്ദമില്ലാത്ത ജനവിഭാഗങ്ങളുടെ ശബ്ദം
ദിനകൈരളി
DAILY KAIRALI
ജൂലൈ 15ന് പ്രസിദ്ധീകരണം ആരംഭിച്ചു.
എല്ലായിടത്തും പ്രാദേശിക ലേഖകരെ ആവശ്യമുണ്ട്.
ബയോഡേറ്റ സഹിതം അപേക്ഷിക്കുക. എഡിറ്റർ, ദിനകൈരളി, ചിൻമയ ലെയിൻ, കുന്നുംപുറം, തിരുവനന്തപുരം – 695 001

സുഷുപ്തി
കുടുംബമാസിക
2016 ഡിസംബർ
E-mail : nadarwelfare@gmail.com
Website : www.ayyavaikundar.org

നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി

# ഡോ. കെ.പി. ജയസ്വാൾ ജയന്തി ആഘോഷിച്ചു

പ്രമുഖ ചരിത്രകാരനും ഗവേഷകനും വക്കീലുമായിരുന്ന ഡോ. കാശിപ്രസാദ് ജയസ്വാളിന്റെ 135-ാം ജന്മദിനം വിവിധ പരിപാടികളോടെ ഇൻഡ്യയുടെ വിവിധ സ്ഥലങ്ങളിൽ ആഘോഷിച്ചു.

ഇൻഡ്യ ചരിത്രഗവേഷണത്തിൽ വേറിട്ട വഴി തേടിയ കെ.പി. ജയസ്വാൾ 1920കളിൽ കൽക്കട്ട സർവ്വകലാശാലയിൽ നടത്തിയ പ്രഭാഷണപരമ്പര അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ ഇളക്കിമറിച്ചു. ഇന്നും അതിന്റെ പ്രകമ്പനങ്ങൾ പുതിയ തലമുറയുടെ ചിന്തകളിൽ പ്രതിധ്വനിക്കുന്നു. മാനവധർമ്മശാസ്ത്രമെന്ന മനുസ്മൃതിയെ ഇത്രയധികം കീറിമുറിച്ചു വിമർശിച്ച മറ്റൊരു ചരിത്രകാരനുമില്ല. 'മനുവും യാജ്ഞവൽക്കനും' എന്ന പേരിൽ ഇത് പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1881 നവംബർ 27ന് ഇന്നത്തെ ഉത്തർപ്രദേശിലെ മിർസാപൂരിൽ ജനിച്ചു. അലഹബാദ് സർവ്വകലാശാലയിൽ നിന്നും ബിരുദമെടുത്ത കാശിപ്രദാസ് ഓക്സ് ഫോർഡ് സർവ്വകലാശാലയിലെ ജീസസ് കോളേജിൽനിന്നും 1909ൽ മാസ്റ്റർ ബിരുദം നേടി. തുടർന്ന് നിയമ ബിരുദമെടുത്ത ശേഷം കൽക്കട്ട ഹൈക്കോടതിയിൽ പ്രാക്റ്റീസാരംഭിച്ചു. പിന്നീട് 1916ൽ പട്നയിലെത്തുന്നതോടെയാണ് ചരിത്രരംഗത്തേക്ക് ചുവടുമാറ്റുന്നത്. ●



# അയ്യാവൈകുണർ അധ്വാനവർഗ്ഗത്തിന്റെ ചങ്ങല പൊട്ടിക്കാൻയത്നിച്ചു – ജസ്റ്റിസ് ജോൺ സന്തോഷ്

ജാതിയുടെയും മതത്തിന്റെയും സമ്പത്തിന്റെയും അളവുകോൽകൊണ്ട് കരിനിയമങ്ങൾ സൃഷ്ടിച്ച് പാർശ്വവൽക്കരിക്കപ്പെട്ട തിരുവിതാംകൂർ ജനതയെ ജീവിതവിജയത്തിലേക്ക് കൈപിടിച്ചുയർത്തിയ മഹാത്മാവാണ് അയ്യാവൈകുണ്ഠരെന്ന് ജസ്റ്റിസ് ജോൺസൺ ആർ.ഡി. സന്തോഷ് അഭിപ്രായപ്പെട്ടു.



സാമിത്തോപ്പിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള അയ്യാവൈകുണ്ഠർ അറസ്റ്റനുസ്മരണ പദയാത്ര അൻപുവനത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഒരു വ്യത്യാസവും കൂടാതെ എല്ലാ വിഭാഗം ജനങ്ങളുടെയും അയ്യാവൈകുണ്ഠർ സ്നേഹിച്ചു. അവരുടെ കഷ്ടതകൾക്കെതിരെ ശക്തമായി ഇടപെടുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ യത്നിക്കുകയും ചെയ്തു.

അടിച്ചമർത്തപ്പെട്ട ജനതയിൽ ആത്മാഭിമാനത്തിന്റെ പൊൻകിരണങ്ങൾ വിടർത്താൻ അദ്ദേഹത്തിന് സാധിച്ചു. സ്വാഭിമാനത്തിന്റെ അടയാളമായി തലപ്പാവു ധരിക്കാൻ അയ്യാവൈകുണ്ഠനാഥർ ആഹ്വാനം ചെയ്തു – ജസ്റ്റിസ് പറഞ്ഞു.

മഹാഗുരു ബാലപ്രജാപതി അടികളാർ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വള്ളലാർ മഠാധിപതി സ്വാമി പത്മേന്ദ്ര, ഡോ. ധർമ്മരജനി, പി. ജയരാജ് തുടങ്ങിയവർ പ്രസംഗിച്ചു. ●

# അഹിമോഹനന് പുരസ്കാരം

ഭാരതീയ കൽച്ചൂരി ജയസ്വാൾ സമവർഗ്ഗീയ മഹാസഭ ഛത്തീസ്ഗഡ് സംസ്ഥാന സമ്മേളനം, നാടാർ കുടുംബക്ഷേമ സമിതി ചെയർമാൻ എ.എസ്. അഹിമോഹനന് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

ഭാരതരത്നം കെ. കാമരാജിന്റെ ജീവചരിത്രം മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചതും കെ. കാമരാജ് കോൺഗ്രസ്സ് പ്രസിഡന്റായതിന്റെ അൻപതാം വാർഷികത്തിൽ രാജ്യത്തെ വിവിധ നഗരങ്ങളിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചതും കാമരാജിന്റെ പ്രസംഗങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കാൻ ഇപ്പോൾ നടത്തിവരുന്ന യത്നങ്ങളെയും പരിഗണിച്ചാണ് ഈ അംഗീകാരം നൽകിയത്. റായ്പൂർ സിവിൽ ലൈൻസിലെ വൃന്ദാവൻ ഹാളിൽ നടന്ന സമ്മേളനത്തിൽ മഹാസഭാ അഖിലേന്ത്യ പ്രസിഡന്റ് സഞ്ജയ് കുമാർ ജയസ്വാൾ, സംസ്ഥാന കൺസ്യൂമർ ഫെഡ്.



ചെയർമാൻ രാധാകൃഷ്ണ ഗുപ്ത, നഗരസഭ അദ്ധ്യക്ഷ ലളിതാ ദിക്ഷണ എന്നിവർ ചേർന്നാണ് അഹിമോഹനന് പുരസ്കാരം സമ്മാനിച്ചത്. ●

# The Month That Was.....

**Demonetization:** On November 8th, Prime Minister Narendra Modi announced the shocking news about the demonetization of the existing 1000 and 500 rupee notes and introduction of new 2000 rupee notes. Lots of restriction has also been put on the withdrawal of money from the accounts. The reason cited was to handle the huge black money available in the hands of many, fake currency and the terrorist activities. Time has been given until December 30th for people to exchange or deposit these currencies. The move is expected to replace 86% of the old currency under circulation. The move has put people to lots of difficulties. Modi asked the people to bear with the difficulties for 50 days so that the country can be rid of the biggest evil faced for the last 70 years since independence. Many daily wagers have lost jobs as money was not available with the employers to pay the daily or weekly requirements and production of commodities has come down. Markets have been also affected. Former Prime Minister said that the GDP will reduce by 2 points. Finance Minister Arun Jaitly assured the people that everything will be alright with in the 50 days. To cope up with the large scale requirements of the currency, India's currency printing presses are working continuously day and night. The claims by the government and the opposition are extremely contrasting. In a striking move the BJP has asked all its MPs to give the details of their bank accounts to the party Chief.





Kerala Finance Minister Thomas Isaac has asked the RBI to provide an amount of Rs. 1200 Crores towards smooth functioning of the State Treasury in view of the payment of salary and pension for the month of November. 7 District Co- operatives of the state have filed a petition in Supreme Court to sort out the discrimination shown against the Co – operative banks in comparison with other banks on receiving the demonetized currency of 1000 and 500 rupees.

**Temple Entry:** The Padmanabhaswamy temple is to change the 5000 year old practice of allowing only women wearing the traditional sari into the temple. The temple management has now heeded to relax the dress code following the High court directive based on a petition. Now women devotes can enter the temple wearing Churidhar.



**Indo Japan friendship:** Prime Minister Modi visited Japan and had closely interacted with his counterpart Prime Minister Shinzo Abe. The controversial Civil Nuclear Cooperation Agreement (CNCA) was signed between the two countries. In executing the agreement, Japan made a major exception as India is a non – signatory of the Non Proliferation Treaty (NPT). It was cited that it was because of India's impeccable nuclear record.



**Pakistan Army:** 57 year old General Bajwa took over charge as Pakistan's Army Chief on November 29th. He was chosen by Prime Minister Nawaz Sheriff. He is considered to be an expert in Pakistan Occupied Kashmir (POK) affairs. He vows to ease LOC (Line of Control) tension. He worked under our former Army Chief General Bikram Singh during an UN assignment.





Er. Jayakumar Thomas

**US Presidential Election:** On the November 8th election, Republican candidate Donald Trump won with a stunning majority based on the Electoral College Votes, though Hilary got majority in the popular votes. US and foreign stock markets climbed in which some analysts called "The Trump Bump". Trump signals moderation in his stance on "Obamacare", which provides better health benefits for the family members. He is likely to eliminate rampant widespread H-1B visa abuse as a cheap labour programme, which may affect Indian aspirants. He threatened to end the US thaw with Cuba unless Havana (Capital of Cuba) make key concession, a move that would upend the historic rapprochements engineered under his Predecessor Barrak Obama. Former Military General David Petraeus and 2012 Republican Presidential Candidate Mitt Romney appear to have emerged as front runners for the post of Secretary Of State in Donald Trump's incoming administration. The swearing in ceremony will be on January 20, 2017.

**Castro No More:** Cuban revolutionary Fidel Castro passed away on November 25th at the ripe age of 90. He was a very prominent figure of the world in the 20th century. He brought the cold war to the western hemisphere in 1959. The cold war started in 1945 between the two world giants United States of America and the United Soviet Socialist Republic following the end of the World War II. Castro defied the powerful United States for nearly half a century mainly with the support of USSR. He continued as the President of Cuba until 2008 when he was afflicted by a serious illness and transferred the power to his confident and Brother Raul Castro. He dominated his country with strength and symbolism from the moment he entered Havana on January 8th 1959 overthrowing Dictator Fulgencio Batisa.



Castro's father was a Spanish immigrant who owned a small plantation. He was a student leader committed to political change and became a Marxist – Leninist revolutionary. He adopted the guerrilla armed struggle to fight against the US and also to overthrow the Batisa Government. He was responsible for Cuba's good social development, racial equity and intellectual progress, but failed to diversify its economy, or raise income and living standards substantially. He overcame more than 600 assassination attempts. His slogan was "Patria O Muerti", meaning 'father land or death'. His supporters lauded him as a champion of socialism and anti- imperialism whose revolutionary regime secured Cuba's independence from American Imperialism. He could create respect from Latin American leaders. Nelson Mandela travelled to Cuba to meet him after his release from prison to thank him for sending troop to Angola, a battle that hastened the independence of South West Africa (present day Namibia) and in due course that of South Africa itself. He was responsible for shaping the destiny of the nation from a very backward position. The 1950's was a decade of military blocs and a number of developing countries were joining these blocs led by the USSR and the USA. India kept away from the blocs and used the platform of Non-alignment. Though Cuba was a small country of less than 1.5 crore, the voice of Castro mattered. Indian Prime Minister Nehru was fond of Castro but during the time of Indira Gandhi the relation between India and Cuba prospered. He was the Chairman of NAM (Non Alignment Movement) before Indira Gandhi became the Chairman in 1983. •





കവിത

# മോക്ഷം സുസാദ്ധ്യമാം കണ്ണാടി കാണവെ!



**മണിലാൽ**
**ഫോൺ : 8547341365**

**കേ**ൾക്കുന്നു സാഗരഗർജ്ജനം, പീഡിതർ
കേൾക്കൂ, തിരുച്ചെന്തൂർ സാഗരതീരത്തായ്
'എത്രപേർ നിങ്ങളെൻ പുത്രന്നരുൾകളെ
കേട്ടുമനം തിരിഞ്ഞെന്നുള്ള ഗർജ്ജനം!'

കന്യാകുമാരിക്കടലലവാനോളം
പൊങ്ങിക്കുതിച്ചുവന്നിപ്പൊഴും ചോദിപ്പൂ:
'എന്താണുപീഡിതാ നിങ്ങളെൻ കുഞ്ഞിന്റെ
പൊന്നരുളിപ്പൊഴും പിൻതുടരാഞ്ഞത്?'

സാഗരം മൂന്നും വിറയ്ക്കുന്നലറുന്ന-
ലസതപേറിക്കഴിവോരെക്കാണവെ
വന്നുവിഴുങ്ങും സുനാമിവേഷം ധരി
ച്ചിന്നല്ലെങ്കിൽ നാളെ മേലാളെപ്പോൽ ദൃഢം!

മരുത്വാമലചൂഴ്ന്നു വന്നിടും മാരുതൻ
മാലോകരോടിത്ഥം ചോദിക്കുന്നെപ്പൊഴും:
'നിങ്ങൾ ഗ്രഹിച്ചുവോ യെൻതോഴൻചൊന്നതാം
പൊന്മൊഴിമുത്തുക,ളില്ലെങ്കിൽ പേറുക.'

ആകാശമേഘങ്ങളാകവെ നോക്കുന്നി-
താശ്രമം തന്നിലും ചുറ്റിലുമെത്രപേർ
ബോധമുൾക്കൊള്ളവെയോടിയെത്തി സ്വന്തം
പുണ്യഭൂതന്നിലഭിമാനപൂർണ്ണരായ്?

പാറിപ്പറക്കുന്ന പക്ഷികളേവരും
നോക്കിച്ചികയുന്നിതാ വിശുദ്ധാലയേ
'എത്തിയോ സോദരരേവരും പുണ്യമാം
ഭൂവിതിൽ നവ്യമാമാത്മ പ്രചോദരായ്!'

നക്ഷത്രജാലമതാകാശസീമനി
നിത്യവുമന്തിയിലെത്തിനോക്കീടുന്നു;
'എത്രപേർ ബോധം തെളിഞ്ഞുവന്നെത്തിയീ
ധന്യഭൂവിങ്കൽ തിരുമൊഴികേൾക്കുവാൻ?'

സ്വന്തം മനസ്സിലെയന്ധതയൊക്കെയും
സദ്ചിന്താധാരയാലാട്ടിയകറ്റുവാൻ
എത്രപേർ കച്ചയൊരുക്കിയെന്നു കാണ്മാ-
നൻപോടെ നിത്യം വരുന്നു ദിവാകരൻ.

ചോദിച്ചിടട്ടെ വിനയാദരങ്ങളാൽ
കാതുകേൾക്കില്ലയോ കണ്ണുകാണ്മില്ലയോ
ഹൃത്തുതുറന്നിട്ടുവൈകുണ്ഠദർശന
മുൾക്കൊണ്ടുശ്രേഷ്ഠരായ് മാറാത്തതെന്തിനീം?

ലോകത്തിലാദ്യമായ്ക്കേട്ട മഹാമന്ത്ര-
'മൊറ്റജാതിമതദൈവ'മെന്നുള്ളതാം
തത്വശകലത്തെ ബോധതലത്തിലേ-
യ്ക്കേറ്റുവാനെന്തിത്ര താമസം മത്സഖേ?

നിന്റെ നേർക്കല്ലയോയിപ്പോഴും നീങ്ങുന്നു
ക്രൂരമതങ്ങളും ജാതി -ദൈവങ്ങളും-
ബോംബിന്റെ രൂപത്തിൽ തോക്കിൻ മുനകളിൽ
മിന്നിത്തിളങ്ങും കഠാരയിൽ കത്തിയിൽ

ചിന്തതൻ ബാങ്കിൽ സ്വരൂപിക്ക നിന്റെ പൊൻ
തത്വവുമൂർജ്ജവും മേധയും ശക്തിയും
ഒറ്റയാൻ നിന്നെ തകർത്തിടും ശത്രുക്കൾ
നാളെ നീസോദരരോടൊത്തു ചേർന്നില്ലായ്കിൽ.

ചോദിപ്പൂ നിങ്ങൾ തൻപാദയേമരുന്ന
പൂഴിയും മൺതരിയൊക്കെയുമെപ്പോഴും;
'നിങ്ങൾ നടക്കാൻ തുടങ്ങിയോ നിങ്ങൾ തൻ
നേതാവുകാട്ടിയ പാതയിൽ നിർഭയം?'

അല്ലനീയിപ്പൊഴും കല്ലിന്റെ ദൈവത്തിൻ
സങ്കേതം പൂകയും പള്ളിയിൽ പോകയും
മിഥ്യാഭിമാനത്താൽ തൻചോരയെസ്വയം
പുച്ഛിച്ചു തള്ളി നീ മാറ്റാരെ പുല്കയോ?

ഇല്ല പൊറുക്കില്ല കൂട്ടരേ നാളെയീ
ബോധമുൾക്കൊള്ളുന്ന പുത്തൻ തലമുറ
'നവ്യാവതാരത്താലുൽബോധനം ചെയ്ത
തമ്പുരാനെ ത്യജിച്ചെങ്ങോനടന്നവർ.

ആഭ്രാന്തവർഗ്ഗത്തിൻ വേരറുക്കാൻ നമു-
ക്കാദ്യം തുനിഞ്ഞിടാ'മെന്നൊരാഹ്വാനത്താൽ
പാഞ്ഞുവരുന്നതു കാണുവിൻ കൂട്ടരേ
ഓടിക്കയറുവിൻ സ്വന്തസങ്കേതത്തിൽ.

ശുദ്ധവിശുദ്ധമാംദൂതുമതുല്യമാം
തത്വഗ്രന്ഥങ്ങളും നിർവ്യാജസ്നേഹവും
ആരാലും തട്ടിത്തകർക്കുവാനാകാത്തൊ-
രൈക്യവും കാൺകനീവാരിപ്പുണരുക

നിങ്ങളെക്കണ്ടിട്ടൊഴിഞ്ഞുപോകാത്തവർ
നിങ്ങൾ തൻ മൂത്ര-മലം പേറുവോരവർ
നിങ്ങൾ തൻ ദുഃഖങ്ങൾക്കാശ്വാസമേകുവാൻ
താങ്ങിത്തലോടിയിട്ടെല്ലാം തരുന്നവർ.

പുത്തനുടുപ്പും പുതുതത്വശാസ്ത്രവും
ഇമ്പമായ് കണ്ണിനും കാതിനും നല്കിക്കൊ-
ണ്ടോടിയടുക്കുന്നുണ്ടാജന്മശത്രുക്ക-
ളിപ്പൊഴും നിന്നെയുന്മൂലനം ചെയ്യുവാൻ

കാണുക കാണുക മാനസക്കൺതുറ-
ന്നെല്ലാം ഗ്രഹിക്കുക, രക്ഷപ്രാപിക്കുക
സർവം സുരക്ഷിതം സ്വന്തസങ്കേതമെ-
ന്നിപ്പോളറിയുക, സുപ്രഭാതമിത്.

അയ്യാവൈകുണ്ഠർ തൻ തൃപ്പാദപത്മത്തി
ലോടിയണയുക സായൂജ്യംനേടുക
രക്ഷയാമാർഗ്ഗത്തിലാണെന്നറിയുക
മോക്ഷം സുസാദ്ധ്യമാം കണ്ണാടികാണവെ! ●

സുഷുപ്തി മാസിക ഇപ്പോൾ ഓൺലൈനായി വായിക്കാം. **www.ayyavaikundar.org** എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ 'സുഷുപ്തി' ക്ലിക് ചെയ്ത് ലോകത്തെവിടെയിരുന്നും സുഷുപ്തിമാസിക വായിക്കാവുന്നതാണ്.

# ഭഗവദ്ഗീത

ഗീതയുടെ സന്ദേശം വർഗീയമോ, ഏതെങ്കിലുമൊരു പ്രത്യേക തത്ത്വവാദമനുസരിക്കുന്നവർക്കു മാത്രമുള്ളതോ അല്ല. അതിന്റെ സമീപനരീതി സാർവജനീനമാണ്. എല്ലാവർക്കുമുള്ളതാണ് – ബ്രാഹ്മണനും 'ചണ്ഡാളനും: 'എല്ലാ വഴികളും എന്നിലേക്കു നയിക്കുന്നു' എന്ന് ഗീത പറയുന്നു. ഈ സാർവജനീനത്വം നിമിത്തമാണ് അത് എല്ലാ കക്ഷ്യകൾക്കും എല്ലാത്തരം തത്ത്വവാദഭേദങ്ങൾക്കും ഇഷ്ടപ്പെടുന്നതായി ത്തീർന്നതും. നിരന്തരം പുതുജീവൻ ഉൾക്കൊള്ളുവാൻ കഴിയുന്നതും, കാലഗതികൊണ്ട് പഴഞ്ചനായിത്തീരാത്തതുമായ എന്തോ ഒന്ന് – ഉൽക്കടമായ പരിപ്രശ്നത്തിന്റെയും അന്വേഷണത്തിന്റെയും ചിന്തയുടെയും കർമ്മത്തിന്റെയും സംഘർഷവും വൈരുധ്യയുമുണ്ടായിട്ടും പുലർത്തിപ്പോരുന്ന സമനിലയുടെയും സമതോലനത്തിന്റെയും ഒരാഭ്യന്തര ഗുണവിശേഷം – അതിലുണ്ട്. അതിൽ ഒരു സമനിലയുണ്ട്. വൈജാത്യത്തിന്റെ നടുവിൽ ഐക്യമുണ്ട്. മാറിവരുന്ന പരിതഃസ്ഥിതിയുടെ മേൽ – അതിൽ നിന്നൊഴിഞ്ഞുമാറാനുദ്യമിച്ചിട്ടല്ല. അതുമായി ഇണങ്ങിനിന്നിട്ട് – ആധിപത്യത്തിന്റെ ഒരു നിലയാണതിനുള്ളത്. അതെഴുതിയതിനുശേഷമുള്ള രണ്ടായിരത്തഞ്ഞൂറ് സംവത്സരത്തിനിടയിൽ, ഇന്ത്യൻ ജനത മാറ്റത്തിന്റെയും വളർച്ചയുടെയും ക്ഷയത്തിന്റെയും ഗതികർമങ്ങളിലൂടെ ആവർത്തിച്ചാവർത്തിച്ചു കടന്നുപോയിട്ടുണ്ട്. അനുഭവത്തിനു പുറകെ അനുഭവങ്ങൾ വന്നു. ചിന്തകൾക്കു പുറകെ ചിന്തകളും – എന്നാൽ എന്നും അതിന്ന് സജീവമായ എന്തോ ഒന്ന് വളർന്നുവന്ന ചിന്തയിൽ ഇണങ്ങിനിൽക്കുന്നതും മനസ്സിനെ പീഡിപ്പിക്കുന്ന ആത്മീയപ്രശ്നങ്ങളിൽ പ്രയോഗാർഹതയും പുതുമയുള്ളതുമായ എന്തോ ഒന്ന്, ഗീതയിൽ കണ്ടെത്താൻ കഴിഞ്ഞു.

## പുരാതനേന്ത്യയിലെ ജീവിതവും പ്രവർത്തനവും

പുരാതനേന്ത്യയിൽ തത്ത്വശാസ്ത്രപരവും ആത്മീയവുമായ ചിന്തയ്ക്കുണ്ടായ വളർച്ചയുടെ ഗതി കണ്ടെത്തുവാൻ പണ്ഡിതന്മാരും തത്ത്വശാസ്ത്രജ്ഞന്മാരും വളരെയൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. ചരിത്രപ്രധാനസംഭവങ്ങളുടെ കാലക്രമം നിർണയിക്കുവാനും ആ കാലഘട്ടങ്ങളിലെ രാഷ്ട്രീയ സ്ഥിതിയുടെ വിശാലസ്വരൂപം ചിത്രീകരിക്കാൻ വേണ്ടിയും ധാരാളമൊക്കെ ചെയ്തു കഴിഞ്ഞു. പക്ഷേ, അക്കാലങ്ങളിലെ സാമുദായികവും സാമ്പത്തികവുമായ സ്ഥിതിയെക്കുറിച്ചു – ജനങ്ങൾ എങ്ങിനെ ജീവിച്ചുപോന്നു, എങ്ങനെ സ്വകൃത്യങ്ങൾ നിർവഹിച്ചു. അവർ എന്തൊക്കെ എങ്ങനെ ഉല്പാദിപ്പിച്ചു. വ്യാപാരനിർവഹണം ഏതു വഴിക്കായിരുന്നു എന്നൊക്കെ – അന്വേഷിക്കാൻ വളരെയൊന്നും ചെയ്തിട്ടില്ല. ഈ ജീവപ്രധാനകാര്യങ്ങളിൽ ഇപ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട് – ഇന്ത്യൻ പണ്ഡിതന്മാരുടെ വക ചില ഗ്രന്ഥങ്ങളും ഒരമേരിക്കക്കാരന്റെ വക ഒരു ഗ്രന്ഥവും പുറത്തുവന്നിട്ടുണ്ട്. എന്നാൽ ഇനിയും വളരെയൊക്കെ ചെയ്യാനിരിക്കയാണ്. മഹാഭാരതം തന്നെ സമുദായശാസ്ത്രത്തെയും മറ്റും സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെ ഒരു ഭണ്ഡാഗാരമാണ്. മറ്റു പല ഗ്രന്ഥങ്ങളും പ്രയോജനകരങ്ങളായ വിവരങ്ങൾ നൽകുമെന്നതിനു സംശയമില്ല. പക്ഷേ അവയെ ഈ പ്രത്യേക വീക്ഷണകോടിയിൽക്കൂടി വിമർശനബുദ്ധ്യാ പരിശോധിക്കണം. വിലമതിക്കാവതല്ലാത്ത ഒരു ഗ്രന്ഥമാണ്, ക്രി. മു. നാലാം ശതകത്തിൽ എഴുതപ്പെട്ട കൗടില്യന്റെ 'അർത്ഥശാസ്ത്രം'. അതു മൗര്യസാമ്രാജ്യത്തിന്റെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും സൈനികവുമായ സംഘടനയുടെ വിശദവിവരങ്ങൾ നൽകുന്നു.

കുറേക്കൂടി മുമ്പുള്ള ഒരു വിവരണം ജാതകകഥകളുടെ സമാഹാരത്തിൽ ഉൾപ്പെട്ടുകിടക്കുന്നു. അവ നമ്മെ നിശ്ചയമായും ബൗദ്ധപൂർവകാലത്തേയ്ക്കെത്തിക്കുന്നു. ഈ ജാതകകഥകൾക്ക് അവയുടെ ഇന്നത്തെ സ്വരൂപം നൽകിയത്



## ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ നിന്നും

ബുദ്ധന്റെ കാലശേഷമാണ്. ബുദ്ധന്റെ പൂർവാവതരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതായി സങ്കല്പിച്ചിട്ടുള്ള അവ ബൗദ്ധപൂർവ കാലത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. അക്കാലത്തെ ഇന്ത്യയിലെ ജീവിതത്തെക്കുറിച്ചു വിലക്കപ്പെട്ട ധാരാളം വിവരങ്ങൾ നൽകുകയും ചെയ്യുന്നു. പ്രൊഫസർ റൈസ് ഡേവിഡ്സ് അവയെ നിലവിലുള്ളവയിൽവെച്ചു ഏറ്റവും പൂർണവും ഏറ്റവും പ്രധാനവുമായ പുരാണകഥാസമുച്ചയമെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽവെച്ചു എഴുതപ്പെട്ടവയും പശ്ചിമേഷ്യയിലും യൂറോപ്പിലും പ്രചാരം ലഭിച്ചവയുമായ ജന്തുകഥകളുടെയും മറ്റു കഥകളുടെയും പില്ക്കാലസമാഹാരങ്ങൾ പലതിന്റെയും ക്ഷത്രിയപാരമ്പര്യത്തിൽനിന്നും മൂലരൂപം ജാതകങ്ങളിൽ കണ്ടെത്താം.

ഇന്ത്യയിലെ രണ്ടു മുഖ്യവംശങ്ങളായ ദ്രാവിഡരും ആര്യന്മാരും ഒടുവിൽ ഒന്നിച്ചു കൂടിച്ചേർന്നുകൊണ്ടിരുന്ന കാലത്തെക്കുറിച്ചാണ് ജാതകങ്ങൾ പ്രതിപാദിക്കുന്നത്. അവ വെളിപ്പെടുത്തുന്നത് 'അനേക രൂപവും കുഴപ്പം നിറഞ്ഞതുമായ ഒരു സമുദായത്തെയാണ്. തരംതിരിവിനുള്ള ഏതുദ്യമത്തെയും അതു ചെറുക്കുന്നു. അക്കാലത്ത് ജാതി തിരിച്ചുള്ള സംഘടനയെക്കുറിച്ചാലോചിക്കുകയും വേണ്ടല്ലോ. ബ്രാഹ്മണപാരമ്പര്യത്തിൽനിന്നും ക്ഷത്രിയ പാരമ്പര്യത്തിൽനിന്നും വ്യതിരിക്തമായി ജനകീയപാരമ്പര്യത്തിന്റെ പ്രാതിനിധ്യമാണ് ജാതകകഥകൾ വഹിക്കുന്നതെന്നു പറയാം.

നാനാരാജ്യങ്ങളുടെയും അവയിലെ ഭരണാധികാരികളുടെയും കാലക്രമങ്ങളും പാരമ്പര്യക്രമങ്ങളും നിലവിലുണ്ട്. ആദ്യകാലങ്ങളിൽ തിരഞ്ഞെടുപ്പിന് വിധേയമായിരുന്ന രാജത്വം വയസ്സുമൂപ്പനുസരിച്ചു കുലപരമ്പരയോ പ്രാപിക്കുന്നതായിത്തീർന്നു. ഈ പിന്തുടർച്ചയിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കിയിരുന്നു. പക്ഷേ, ഈ നിയമത്തിനും അപവാദങ്ങളുണ്ട്. ചീനയിലെന്നപോലെ എല്ലാ ദൗർഭാഗ്യങ്ങൾക്കും ഉത്തരവാദി രാജാവാണ്. വല്ലതും പിഴച്ചാൽ അതിന്റെ കുറ്റം രാജാവിന്റെ തലയ്ക്ക്. ഒരു മന്ത്രിസഭയുണ്ട്. ഒരുതരം രാഷ്ട്രസഭയെ (സ്റ്റേറ്റ് അസംബ്ലി) കുറിച്ചും പ്രസ്താവങ്ങൾ കാണ്മാനുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, സ്ഥാപിതമായ കീഴ്നടപ്പുകൾ ക്കുള്ളിൽ വേണം പ്രവർത്തിക്കാനെങ്കിലും രാജാവ് ഒരേകശാസനനായ ഭരണാധികാരിയായിരുന്നു. ഒരുപദേശകനെന്നും മതകർമ്മങ്ങളുടെ ചുമതല വഹിക്കുന്ന ആളെന്നുമുള്ള നിലയിൽ പുരോഹിതപ്രമുഖനു കൊട്ടാരത്തിൽ ഉയർന്ന പദവിയാണ്. നീതികെട്ടവരും ജനദ്രോഹികളുമായ രാജാക്കന്മാർക്കെതിരായുള്ള പൊതുപ്രക്ഷോഭങ്ങളെക്കുറിച്ചും പ്രസ്താവങ്ങളുണ്ട്. ഈ രാജാക്കന്മാരെ ചിലപ്പോൾ അവരുടെ കുറ്റങ്ങൾ കാരണം കൊന്നുകളയും.

ഗ്രാമസഭകൾ ഒരളവിൽ സ്വയംഭരണം അനുഭവിച്ചുപോന്നു. മുഖ്യമായ ധനാഗമമാർഗം ഭൂമിയാണ്. ഉത്പാദനത്തിൽ രാജാവിനുള്ള അംശത്തെ ഭൂനികുതി കുറിക്കുന്നു എന്നാണ് സങ്കല്പം. സാധാരണമായി - എപ്പോഴുമല്ല - അതു സാധനമായിട്ടു തന്നെയാണ് നല്കിപ്പോന്നത്. ഈ നികുതി ഉത്പാദനത്തിന്റെ ഏതാണ്ട് ആറിലൊന്നായിരിക്കണം. അന്നത്തേത് മുഖ്യമായും ഒരു കാർഷികപരിഷ്കാരമായിരുന്നു. സ്വയംഭരണമുള്ള ഗ്രാമമാണ് എല്ലാറ്റിനും അടിസ്ഥാനമായ അംശം. പത്തും നൂറും കണക്കിൽ സംഘമായിത്തിരിച്ചിട്ടുള്ള ഗ്രാമസമുദായങ്ങളെ ആധാരമാക്കിയാണ് രാഷ്ട്രീയവും സാമ്പത്തികവുമായ ഘടന കെട്ടിപ്പൊക്കീട്ടുള്ളത്. തോട്ടക്കൃഷി, കാലി വളർത്തൽ, ഗവ്യവ്യവസായം എന്നിവയ്ക്ക് വിപുലമായ പ്രചാരമുണ്ടായിരുന്നു.

**വിവർത്തനം : സി.എച്ച്. കുഞ്ഞപ്പ**



ഉദ്യാനങ്ങളും ഉപവനങ്ങളും സാധാരണമായിരുന്നു. ഫലങ്ങളും പുഷ്പങ്ങളും വിലപ്പെട്ടവയായി കരുതിപ്പോന്നു. പൂക്കളുടെ പേരു വിവരം തന്നെ സുദീർഘമായ ഒന്നാണ്. ഇഷ്ടഫലങ്ങളിൽ ചിലതാണ് മാങ്ങ, അത്തിപ്പഴം, മുന്തിരിങ്ങ, വാഴപ്പഴം, ഈത്തപ്പഴം എന്നിവ. നഗരങ്ങളിൽ പച്ചക്കറികളും പഴങ്ങളും വില്ക്കുന്നവരുടെ ഷാപ്പുകൾ ധാരാളമായിരുന്നുവെന്നു തീർച്ച. പുഷ്പവില്പനക്കാരും അങ്ങനെതന്നെ. ഇന്നത്തെപ്പോലെ അന്നും പുഷ്പമാല്യം ഇന്ത്യൻ ജനതയ്ക്ക് പ്രിയപ്പെട്ടതായിരുന്നു.

## മഹാവീരനും ബുദ്ധനും : ജാതി

ഏതാണ്ട് അത്തരത്തിലുള്ള ഒരു പശ്ചാത്തലമാണ് ഇതിഹാസങ്ങളുടെ കാലം മുതൽ ബൗദ്ധകാലത്തിന്റെ ആദ്യഘട്ടം വരെ ഉത്തരേന്ത്യയിൽ നിലവിലുണ്ടായിരുന്നത്. രാഷ്ട്രീയമായും സാമ്പത്തികമായും അതു നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഉൽഗ്രഥനത്തിന്റെയും സംയോജനത്തിന്റെയും അപ്പോലെതന്നെ തൊഴിൽപരമായ സവിശേഷവൈഭവാർജ്ജനത്തിന്റെയും ഗതിക്രമങ്ങൾ നടന്നുവരുന്നു. ആശയങ്ങളുടെ രംഗത്തിലാകട്ടെ അനുസ്യൂതമായ വളർച്ചയും പലപ്പോഴും സംഘർഷങ്ങളുമാണ്. ആദ്യോപനിഷത്തുകളെത്തുടർന്നു വിചാരത്തിന്റെയും കർമ്മത്തിന്റെയും ബഹുമുഖമായ വളർച്ചയുണ്ടായി. അവ തന്നെയും പുരോഹിതപ്രഭാവത്തിനും മതച്ചടങ്ങുകൾക്കും എതിരായ ഒരു തിരിച്ചടിയായിരുന്നുവല്ലോ. തങ്ങൾ കാണുന്ന പലതിനും എതിരായി മനുഷ്യരുടെ മനസ്സുകൾ ലഹളകൂട്ടി. ആ ലഹളയിൽനിന്നാണ് ഈ ആദ്യകാലോപനിഷത്തുക്കളും, അപ്പോലെതന്നെ അല്പം കഴിഞ്ഞു ഭൗതികവാദത്തിന്റെ ഒരു പ്രബല പ്രവാഹവും, ജൈനമതവും ബുദ്ധമതവും ഭഗവദ് ഗീതയിൽ നാനാരൂപങ്ങളായ വിശ്വാസങ്ങളുടെ സമവായീകരണം സാധിക്കാനുള്ള ഒരുദ്യമവും വളർന്നുവന്നത്. ഈ എല്ലാറ്റിൽനിന്നും കൂടി വീണ്ടും ഇന്ത്യൻ തത്ത്വശാസ്ത്രത്തിലെ ആറു മാർഗങ്ങൾ - ഷഡ്ദർശനങ്ങൾ - വളർന്നു വന്നു. എന്നാൽ ഈ മാനസികസംഘർഷത്തിന്റെയും ലഹളയുടെയുമെല്ലാം പിന്നിൽ സചേതനവും വികസ്വരവുമായ ഒരു ദേശീയജീവിതം ഉണ്ടായിരുന്നു.

ജൈനമതവും ബുദ്ധമതവും ഒരർത്ഥത്തിൽ വൈദികമതത്തിൽനിന്ന്, അതിന്റെ തായ്വഴികളിൽ നിന്നു വളർന്നുവന്നവയാണെങ്കിലും രണ്ടും അവയിൽ നിന്നു ഭാഗിച്ചു പിരിഞ്ഞവയാകുന്നു. അവ വേദപ്രാമാണ്യത്തെ നിഷേധിക്കുന്നു. സർവോപരി അവ ഒരാദിമൂലത്തെ നിഷേധിക്കുകയോ അതിനെക്കുറിച്ച് ഒന്നും പറയാതിരിക്കുകയോ ചെയ്യുന്നു. രണ്ടും അഹിംസയെ നിഷ്കർഷിക്കുന്നു. ഭിക്ഷുക്കളുടെയും പുരോഹിതന്മാരുടെയും സംഘടനകൾ നിർമ്മിക്കുന്നു. അവയുടെ സമ്പ്രദായത്തിൽ ഒരുതരം യാഥാർത്ഥ്യവും ഹേതുവാദവും - അവ അദൃശ്യലോകവുമായുള്ള നമ്മുടെ ഇടപാടിലൊന്നും നമ്മെ അനിവാര്യമായി, വളരെയേറെ മുന്നോട്ടു കൊണ്ടുപോകുന്നില്ലെങ്കിലും - ഉണ്ട്. ●

*(തുടരും...)*

# അരുൾനൂൽ; അറിവിന്റെ പുതിയ പാഠങ്ങൾ

39



## ശിവകാണ്ഡ അധികാരപത്രം

**എൻ. വേലായുധൻ നാടാർ**



*(തുടർച്ച...)*

40. നാടെല്ലാം കടാകും നൽ
അക്കിനി വന്താകുതടാ
നാലുകാലു ജീവജെന്തു
നാട്ടിലില്ലെ ഓട്ടമടാ
കങ്കൈപ്പാൽ വറ്റുമപ്പാ കിഴവൻ
പണ്ടാരം ചൊല്ലുകിന്റേൻ
വെട്ടവെളിതനിൽ മക്കാൾ വേലി പയിരാകുതപ്പാ.

മകനേ! നാടെല്ലാം പരിണാമങ്ങൾക്ക് വിധേയമായി കാടാകുന്നു. കാട്ടിൽ അഗ്നിബാധ ഉണ്ടാകുന്നു. അതിൽനിന്നും രക്ഷപ്പെടാൻ നാലു കാലുകൾ ഉള്ള ജന്തുക്കൾ നാടുവിട്ടോടുന്നു. ഗംഗാനദിയിലെ ജലം വറ്റിപ്പോകുന്നു. (തത്ത്വജ്ഞാനം ഉപദേശിക്കാനുള്ള ഉത്തമഗുരുനാഥന്മാർ ഇപ്പോഴില്ല. അഥവാ ഉണ്ടെങ്കിലും അവരും തയ്യാറാകില്ല). നല്ല വെളിച്ചമുള്ള ഭൂപ്രദേശങ്ങൾ വേലികൾ കെട്ടി ഭാഗം വച്ച് ജനങ്ങൾ കൃഷി ചെയ്യുന്നു. വൃദ്ധനായ സന്ന്യാസി ഇവയെല്ലാം പ്രവചിക്കുന്നു.

41. ഊരോട്ടം തേരോട്ടം മക്കളൊന്റു വട്ടം അകുതടാ
മാരിവെള്ളം അഴിക്കുതടാ മായാണ്ടി ചൊല്ലുകിറേൻ
കുത്താടി ക്കുത്താടി നാൻ കൊള്ളിവൈത്തു പോവേനടാ
കൊള്ളി വൈക്കും കുമരനടാ കൊപ്പൻ നന്തിയീചനടാ.

മകനേ! വാസന, സ്വാർത്ഥത, അഹങ്കാരം, അന്ധവിശ്വാസം, അനുകരണശീലം എന്നീ മാലിന്യങ്ങളെല്ലാം സ്വരൂപബോധത്തിലേക്ക് ഉണരുമ്പോഴുള്ള വെള്ളപ്പാച്ചിലിൽ ഒഴുകി ഒഴുകി നശിച്ച് ശുദ്ധമാകുന്നു. സ്വരൂപബോധത്തിലേക്ക് ഉണർന്നപ്പോൾ മനോമാലിന്യങ്ങളും അജ്ഞാനമാലിന്യങ്ങളും നഷ്ടപ്പെട്ടുപോയി ശുദ്ധരായ ജനങ്ങളെല്ലാം ഒത്തുചേർന്ന് എങ്ങും നിറഞ്ഞ പരംപൊരുളിനെ ഒരു രഥത്തിലേറ്റി ആരാധിക്കുന്ന കാലം - ശാന്തി, സമാധാനം, ആനന്ദം, ഐശ്വര്യം എന്നിവ വന്നുചേരുന്നത് മായാണ്ടി - മായാസന്ന്യാസി പ്രവചിക്കുന്നു. മായാസന്ന്യാസിയുടെ ലീലകളാൽ ശുദ്ധരാകുമ്പോൾ മനസ്സിൽ നിന്നും അജ്ഞാന മനോമാലിന്യങ്ങളും ബന്ധങ്ങളും അറ്റുപോകുന്നത് - മുറിഞ്ഞുപോകുന്നത് മായാണ്ടി വെളിപ്പെടുത്തുന്നു.

42. പള്ളിക്കണക്കനടാ നാൻ
പള്ളിയിലേ ആടി വാറേൻ
കങ്കൈനീർ ആടി വാറേൻ കിഴവൻ
പണ്ടാരക്കൂത്താണ്ടി
വെള്ളാനൈ മീതിരുന്തു
വിളൈയാടിപ്പാടുകിറേൻ
തുരിയോതനനുക്കു നാരതമുനി
വാറേൻ നാൻ.

മകനേ! പതികളുടെയും പതിതാങ്ങുകളുടെയും ധർമ്മകർത്താക്കളെയും പണിവിടക്കാരേയും ഭക്തജനങ്ങളേയും പരിശോധിക്കുന്ന എങ്ങുംനിറഞ്ഞ പരംപൊരുളാണ് അയ്യാവൈകുണ്ഠനാർ മാത്രമല്ല അവരുടെ കൂടെയിരുന്ന് നിത്യസത്യശുദ്ധജ്ഞാനത്തിൽ സ്നാനം ചെയ്ത് സ്വരൂപബോധത്തിലേക്ക് ഉണർന്ന് ആടിപ്പാടിയും, ശാന്തി, സമാധാനം, സന്തോഷം, ആനന്ദം എന്നിവ വന്നുചേർന്ന് വെള്ളാനപ്പുറത്തിരുന്ന് ലീലകളിൽ ഏർപ്പെടുന്നു. ദുര്യോധനന്റെ അടുത്ത് നാരദമുനിയായി വന്നതും പരംപൊരുൾ അയ്യാവൈകുണ്ഠനാഥരാണെന്ന സത്യം വെളിപ്പെടുത്തുന്നു.




43. പാട്ടനും പൂട്ടനും നാൻ പാരാചിത്ത പിച്ചൈക്കാരൻ
നേരിൽ പിരിയമും നാൻ പേതൈക്കോലം മാറിയും നാൻ
അഞ്ചാടു മേയ്ത്തടൈത്ത ആനന്ദക്കോൻ വന്തേനടാ
കൂടാരത്തുക്കുള്ളിരുന്തു കുചലവിത്തൈ ചെയ്തിടുവേൻ.
നാൻ പാവി പൊല്ലാതവൻ നാട്ടിൽ ഒരുവരുക്കും ആകാതു
കോട്ടി കൊണ്ട പിത്തനടാ കുടി കെടുക്ക കുരുവും നാൻ
ഉൻ കുടുക്കുള്ളിരുന്തു കുറി പലതും ചൊൽവേൻ നാൻ
തേരാണ്ടിയപ്പാ നാൻ തെരുവീതി ആടി വാറേൻ.

മകനേ! പിതാമഹനായിട്ടു (അച്ഛന്റെ അച്ഛൻ) പൗത്രനായിട്ടും (മകന്റെ മകൻ) യാചകനായിട്ടും സ്നേഹിതനു സ്നേഹിതനായിട്ടും, ഭ്രാന്തനു ഭ്രാന്തനായിട്ടും പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച് ജീവാത്മാപരമാത്മായോഗത്താൽ ആനന്ദത്തോടുകൂടി വാഴുന്നവനായിട്ടും, ശരീരമാകുന്ന കൂടാരത്തിലിരുന്ന് പല പല ജാലവിദ്യകളും കാണിക്കുന്ന മായാജാലക്കാരനായിട്ടും ദുഷ്ടന്മാർക്കും അഹങ്കാരികൾക്കും ശത്രുവായിട്ടും പലരാലും പരിഹസിക്കുന്നവർക്ക് പരിഹാസപാത്രമായിട്ടും അജ്ഞാനികൾക്ക് ഗുരുനാഥനായിട്ടും ശരീരത്തിനകത്തിരുന്ന് ഭാവികാര്യങ്ങളെ പ്രവചിക്കുന്ന പ്രവാചകനായിട്ടും, ശരീരമാകുന്ന രഥത്തിൽ സഞ്ചരിക്കുന്ന സന്ന്യാസിയായിട്ടും, നാട്ടിൽ കർമ്മിയായിട്ടും, കാണപ്പെടുന്നതും അറിയപ്പെടുന്നതും ജീവാത്മാപരമാത്മായോഗത്താൽ ജ്ഞാനോദയം വന്നുചേർന്ന് ശിവലയം പ്രാപിച്ച അയ്യാവൈകുണ്ഠനാഥരാണെന്നത് പ്രസ്തുത പദ്യം വ്യക്തമാക്കുന്നു.

44. കൈലാചം തനിലിരുന്തു പല കാരണങ്കൾ മുടിക്കവന്തേൻ
ആണാനേൻ പെണ്ണാനേൻ അടങ്കാത ചൊരുപമാനേൻ
അഞ്ചാടു മേയ്ത്തിരുന്ത ഉങ്കളുക്കു
ആട് പേറായ്നാനിരുന്തേൻ
കഞ്ചി വെള്ളം കൊടുക്കവുങ്കൾ കനവിലും എണ്ണമില്ലൈ.

മകനേ! പ്രാരാബ്ധവശാൽ അനുഭവിക്കേണ്ട പല കർമ്മങ്ങളും ഉണ്ടായിരുന്നതിനാൽ കൈലാസത്തിൽനിന്നും നാമവും രൂപവും ഉള്ള ഈ ശരീരത്തിൽ വന്നു പിറന്നു. അവതരിച്ചു. കൂടാതെ പുരുഷനായിട്ടും സ്ത്രീയായിട്ടും വിശ്വരൂപം സ്വീകരിച്ചും അവതരിച്ചിട്ടുണ്ട്. നിത്യസത്യശുദ്ധജ്ഞാനത്താൽ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച് സ്വരൂപബോധത്തിലേക്ക് ഉണർന്ന് ജീവാത്മാ പരമാത്മായോഗത്തിനായുള്ള ജ്ഞാനമാർഗ്ഗം അരുൾ ചെയ്തിട്ടുണ്ട്. എന്നാൽ അതനുസരിച്ച് ജീവിക്കാതെ പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന ജ്ഞാനം സത്യമാണെന്ന് ഭ്രമിച്ച് മായയിൽ മുഴുകി ആടിപ്പാടിയും വരുന്നു. അപ്രകാരമുള്ളവർ ജനനമരണ പ്രയാണം തുടരേണ്ടിവരുമെന്ന സത്യം പ്രസ്തുത പദ്യത്തിലൂടെ വ്യക്തമാക്കുന്നു.

45. ഒടുങ്കിവിട്ടേൻ ആടുമേയ്ത്തു ഒരു പലനും കണ്ടതില്ലൈ
ഇനി കടുവായ്ക്കിരൈയാക കാട്ടി കൊടുത്തിടുവേൻ
കുമ്പി കൊതിക്കുതടാ എനക്കിനി കുടിയിരുക്കലാകാതു
പോവേൻ കൈലാചം പിൻ ആടി മാതത്തിൽ.

മകനേ! ആടുകളെ മേയ്ക്കുന്ന ആട്ടിടയനായിട്ടും - അജ്ഞാനികൾക്ക് നിത്യസത്യശുദ്ധജ്ഞാനം അരുൾ ചെയ്യുന്ന ഗുരുനാഥയിലും അയ്യാവൈകുണ്ഠനാഥർ അവതരിച്ചു. ആടുകൾ (സാധാരണ മനുഷ്യർ) ഭ്രമത്താൽ ആശാപാശങ്ങൾക്കും വികാരങ്ങൾക്കും അടിമപ്പെട്ട് ആടിപ്പാടിയും കൂത്താടിയും ജീവിക്കുന്നു. ഇവകളെല്ലാം കാണുമ്പോൾ അയ്യായുടെ ഉള്ളം വേദനിക്കുന്നു. അവരെ ശുദ്ധജ്ഞാനത്തിലേക്ക് ഉയർത്താൻ ശ്രമിച്ചിട്ടും വിജയിച്ചില്ല. അതിനാൽ അയ്യാവൈകുണ്ഠനാഥരുടെ ജീവാത്മാവ് പിൻ ആടിമാസത്തിൽ ശരീരം ഉപേക്ഷിക്കും എന്നും പ്രവചിക്കുന്നു.

(1840-41കളിലാണ് അരുൾനൂൽ രചിക്കപ്പെട്ടത്. ഈ പദ്യത്തിൽ അയ്യാവൈകുണ്ഠനാഥർ തന്റെ മഹാസമാധി പിൻ അടിമാസത്തിൽ എന്ന് അരുൾചെയ്യുന്നു. മഹാസമാധിയെ സൂചിപ്പിക്കുന്ന കൂടുതൽ പ്രവചനഎം അഖിലത്തിരട്ട് അമ്മാനൈയിൽ)

46. മുന്നോടി പിന്നാടി മുഴുതെയ്യാത ആടിയാനേൻ
കണ്ട പൊരുൾ തിരവിയങ്കൾ കാണാമൽ പോകുതടാ
അഞ്ചു വീടു അഴിയുതടാ ആണ്ടി നാൻ എന്ന ചെയ്വേൻ
പഞ്ചവർണ്ണ മേടൈകളും പള്ളി വാചൽ അഴിയുതടാ.

മകനേ! ആദിയും അന്തവും ഇല്ലാത്ത - ആരംഭവും അവസാനവും ഇല്ലാത്ത - എല്ലാകാലത്തും ഉള്ളതായിട്ടുള്ള - ഒരിക്കലും നശിച്ചുപോകാത്ത നിത്യസത്യശുദ്ധ ചൈതന്യമാണ് പരംപൊരുൾ. ജീവാത്മാ പരമാത്മായോഗത്താൽ അയ്യാവൈകുണ്ഠനാഥരും ആദിയും അന്തവും ഇല്ലാത്ത നിത്യസത്യശുദ്ധ ചൈതന്യമായി. വിലമതിപ്പുള്ളതും വിലമതിപ്പില്ലാത്തതുമായ എല്ലാ പദാർത്ഥങ്ങളും പരിണാമങ്ങൾക്ക് വിധേയമായി സമയമാകുമ്പോൾ നശിച്ചുപോകും. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചഭൂതങ്ങൾ പഞ്ചീകരിച്ചുണ്ടായ അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം എന്ന പഞ്ചവർണ്ണ മേട (ഈ ശരീരം) സമയമാകുമ്പോൾ ജീവാത്മാവ് ശരീരം ഉപേക്ഷിച്ചുപോകുമ്പോൾ ശരീരം അഴിയാൻ തുടങ്ങും. ● *(തുടരും...)*

# വരിസംഖ്യ അയച്ചുതരണം

സുഷുപ്തിമാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചുതന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കു അയക്കാം.

അക്കൗണ്ട് നമ്പർ : 62269144219
ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്.
ബ്രാഞ്ച് : തിരുവനന്തപുരം. IFSC - SBHY0020731

*- എഡിറ്റർ*

# മാസിക ലഭിക്കാത്തവർ

സുഷുപ്തി മാസിക എല്ലാ മാസവും അഞ്ചാം തീയതി മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു. തമ്പാനൂരിലെ ആർ.എം.എസ്സിൽ എല്ലാ 8-ാം തീയതിയും പോസ്റ്റ് ചെയ്യപ്പെടുന്നു. പരമാവധി 15-ാം തീയതിയ്ക്കകം എല്ലാ വരിക്കാർക്കും ലഭിക്കുന്നതാണ്.

മാസിക ലഭിക്കാത്തവർ അക്കാര്യം കാണിച്ചു കൊണ്ടുള്ള പരാതി വെള്ളപേപ്പറിൽ എഴുതി, സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റാഫീസ്, നോർത്ത് ഡിവിഷൻ, ജി.പി.ഒ., തിരുവനന്തപുരം - 695 001 എന്ന വിലാസത്തിലും പബ്ലിഷർ, സുഷുപ്തി മാസിക, ദിനകൈരളി ഭവൻ, ചിന്മയലെയിൻ, കുന്നുംപുറം, തിരുവനന്തപുരം-695 001 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. *-മാനേജിംഗ് എഡിറ്റർ*

Vol. 11 No. 11, 2016 November
Date of Publication : 06-12-2016
Govt. Media List No. 178/08/I&PR

SUSHUPTHI MONTHLY
Price: Rs.5/-

KL/TV(N)/WPP/209/2016-18
Licensed to Post without Pre-payment
KL/TV(N)/574/2016-2018
Reg. No. 36072/81

# പ്രൊഫഷണൽ കോഴ്സുകൾ ജോലി ലഭിക്കുംവിധം

**ജോലി** ഉറപ്പായും ലഭിക്കുമെന്നതാണ് പ്രൊഫഷണൽ കോഴ്സുകളുടെ പ്രത്യേകത. എന്നാൽ, വിവിധ വിഷയങ്ങളിൽ എൻജിനീയറിംഗും അലോപ്പതി, ഹോമിയോ, ആയുർവേദം, സിദ്ധ എന്നിവയിൽ ഡോക്ടർ ബിരുദവുമെടുത്ത നൂറുകണക്കിന് നാടാർ വിദ്യാർത്ഥികൾ തൊഴിൽരഹിതരായി അലയുകയാണ്. പഠനത്തിനായി ബാങ്ക് വായ്പ എടുത്തവർ ജപ്തിഭീഷണിയിലുമാണ്.

എല്ലാ കോഴ്സുകളും ജോലി ലഭിക്കുവാൻ പര്യാപ്തമാണ്. എന്നാൽ സർട്ടിഫിക്കറ്റുകളുമായി ജോലി തേടുന്നവരുടെ എണ്ണം വർദ്ധിച്ചതോടെ, ഏറ്റവും മിടുക്കരെ മാത്രം തെരഞ്ഞെടുക്കുന്ന രീതിയിലേക്ക് കമ്പനികൾ മാറി. ക്യാമ്പസ് റിക്രൂട്ട്മെന്റുകൾ അപൂർവ്വം കോളേജുകളിലേക്കൊതുങ്ങി. എൻജിനീയറിംഗ് മേഖലയാണ് ഏറ്റവുമധികം പ്രതിസന്ധി നേരിടുന്നത്.

സിവിലായാലും ഇലക്ട്രിക്കലായാലും ഇലക്ട്രോണിക്സായാലും കമ്പ്യൂട്ടറായാലും, മറ്റെന്തായാലും ഏറ്റവും സമർത്ഥരായവർക്ക് ഇപ്പോഴും കമ്പനികൾ ജോലി നല്കുന്നുണ്ടുതാനും. കമ്പനികൾ പ്രതീക്ഷിക്കുന്നത്ര സമർത്ഥരാവാൻ വിദ്യാർത്ഥികൾക്ക് കഴിയണം. ഒപ്പം, കോളേജുകളിൽ അതിനുള്ള പ്രത്യേക പരിശീലനം നൽകണം. പ്രൊഫഷണൽ കോഴ്സുകൾ പ്രത്യേകിച്ച് എൻജിനീയറിംഗ് പഠനത്തിൽ കോളേജ് തെരഞ്ഞെടുക്കുന്നത് വളരെ ശ്രദ്ധയോടെ തന്നെ ആവണം.

കോഴ്സുകളുടെ പഠനത്തോടൊപ്പം ജോലി ലഭിക്കുന്നതിനു പര്യാപ്തമാകും വിധത്തിലുള്ള എല്ലാ പരിശീലനവും ലഭിക്കുന്ന കോളേജുകളെ മാത്രമെ ആശ്രയിക്കാനാവൂ. കമ്പനികൾ ഏറ്റവും സമർത്ഥരെ കണ്ടെത്താൻ നടത്തുന്ന ഇന്റർവ്യൂകളെ അഭിമുഖീകരിക്കുന്നതിനും എല്ലാ പേപ്പറുകൾക്കും തൊണ്ണൂറു ശതമാനത്തിനു മുകളിൽ മാർക്ക് ലഭിക്കാനുമുള്ള കഠിനാധ്വാനമാണ് ഇപ്പോൾ ഈ രംഗത്താവശ്യമായിരിക്കുന്നത്.

വിഷയം തെരഞ്ഞെടുക്കുന്നതിനേക്കാൾ ശ്രദ്ധിച്ച് പഠിക്കാനുള്ള കോളേജ് തെരഞ്ഞെടുക്കേണ്ട അവസ്ഥയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഗവൺമെന്റ് സീറ്റ് നോക്കിയോ, പോയി വരാനുള്ള സൗകര്യം നോക്കി കോളേജുകൾ തെരഞ്ഞെടുക്കുന്നതുകൊണ്ട് ഫലമില്ലാതെ വന്നിരിക്കുന്നു. കോളേജുകളിൽ ഒരു ദിവസത്തെ ടൈംടേബിൾ തന്നെ നാം വിശദമായി പരിശോധിക്കേണ്ടതുണ്ട്. പണവും സമയവും നന്നായി ചെലവഴിച്ച് സമർത്ഥരായ മത്സരാർത്ഥികളെ സൃഷ്ടിക്കലാണ് ഇനി രക്ഷകർത്താക്കളുടെ ഉത്തരവാദിത്വം. ഇത്തരം നിരവധി കാര്യങ്ങളിൽ നാടാർ കുടുംബക്ഷേമസമിതിയുടെ കരിയർ ഗൈഡൻസ് വിഭാഗവുമായി (0471 - 3272199) ബന്ധപ്പെടാവുന്നതാണ്. ●




Edited, Printed, Published & Owned by A.S.Ahimohanan; Printed at Devi Offset for Aradhika Printers, Gandhari Amman Kovil Road, Thiruvananthapuram, Published from Dinakairali Bhavan, (Ph:0471-3272199) Kunnumpuram, Thiruvananthapuram - 1, Kerala.